ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭയിലെ വിവിധ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി

86 (843) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജനകീയാസൂത്രണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭയിലെ വിവിധ ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെങ്കിലും ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കേരള ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം തിരുവനന്തപുരം നഗരസഭയിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറൽ അന്വേഷിച്ചു തയ്യാറാക്കിയ റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജനകീയാസൂത്രണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭയിലെ ഉദ്യോഗസ്ഥൻമാരെ ആരെയും ശിക്ഷണ നടപടികൾക്ക് വിധേയരാക്കിയിട്ടില്ല.

(ബി) റിപ്പോർട്ട് കൗൺസിലിനു സമർപ്പിച്ചിട്ടുണ്ട്. പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ആവശ്യമെന്നുകണ്ടാൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

മുനിസിപ്പൽ കോമൺ സർവ്വീസിലെ സ്ഥിരം ജീവനക്കാർ

87 (844) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ ആയി എത്രപേർ ഇപ്പോൾ സ്ഥിരം ജീവനക്കാരായി ജോലി നോക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) മുനിസിപ്പൽ റാങ്ക് ലിസ്റ്റിൽ നിന്നും 632 പേരെ എടുത്തതിൽ എത്ര പേർ ജോയിൻ ചെയ്തു ;

(സി) എൻ.ജെ.ഡി. വേക്കൻസി റിപ്പോർട്ടുചെയ്യാനുള്ള കാലതാമസം എന്താണ് ;

(ഡി) ചില മുനിസിപ്പാലിറ്റികളിൽ ജോയിൻ ചെയ്യാത്തവരുടെ തിരിച്ചറിയൽ കാർഡ് മടക്കി വാങ്ങാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏതൊക്കെ നഗരസഭകളാണ് എൻ.ജെ.ഡി.യുടെ തിരിച്ചറിയൽ കാർഡ് അയയ്ക്കാത്തതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 619 പേർ.

(ബി) 310 പേർ ജോയിൻ ചെയ്തു.

(സി) 13-6-2003-ൽ 301 നോൺ ജോയിനിംഗ് ഡ്യൂട്ടി ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) എല്ലാ നഗരസഭകളിൽ നിന്നും ലഭ്യമായിട്ടുണ്ട്.

അമ്യൂസ്മെന്റ് പാർക്കുകൾക്ക് നികുതിയിളവ്

88 (845) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. സാജു പോൾ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് (ഉല്ലാസ്) പാർക്കുകൾക്ക് നികുതിയിളവ് നല്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് നികുതിയിളവ് നല്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം അമ്യൂസ്മെന്റ് പാർക്കുകളാണ് പ്രവർത്തിക്കുന്നത് ; പ്രസ്തുത പാർക്കുകൾക്ക് ഈടാക്കുന്ന നികുതി നിരക്കുകൾ എത്രയാണ് ; ഈ ഇനത്തിൽ ഒരു വർഷം ലഭിക്കേണ്ട തുക എത്രയാണ് ;

(ഡി) നികുതിയിളവ് നൽകുന്നതു സംബന്ധിച്ച് ധനകാര്യ കമ്മീഷന്റെ ശുപാർശ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) അമ്യൂസ്മെന്റ് പാർക്കുകൾക്ക് നികുതിയിളവ് നൽകിയതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) നികുതിയിളവ് നല്കിയതുമൂലം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly